# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് - രാജീവ് ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, അട്ടപ്പാടി - പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.ബി.1/5997/2018/കോ.വി.വ തിരുവനന്തപുരം, തീയതി. 20.06.2018

---

പരാമർശം:- 04.06.2018 തീയതിയിലെ അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ എ1/111/2018-19 നമ്പർ കത്ത്

## ഉത്തരവ്

അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളായ ഡോ.മേഴ്സിയമ്മ ഫ്രാൻസിസ് സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ പ്രിൻസിപ്പാളിന്റെ അധിക ചുമതല ടി കോളേജിലെ സോഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീമതി.സിമി വിത്സന്റിന് നൽകുന്നതിന് മേൽ പരാമർശ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല ടി സ്ഥാപനത്തിലെ സോഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.സിമി വിത്സന്റിന് സർക്കാർ സാധൂകരണത്തിനു വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്/-)

ഹരിത.വി.കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1) ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കും വ്യക്തികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2) പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, കോട്ടയം
4) കരുതൽ ഫയൽ/നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/20.06.2018

8993

GOVERNMENT OF KERALA 2017-18